പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2991

20/12/2012-ൽ മറുപടി
നൽകേണ്ടത്

## ഹാരിസൺ പ്ലാന്റേഷന്റെ കൈവശമുള്ള മിച്ചഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കമ്പനി കൈവശംവെച്ചു വരുന്നതും സംസ്ഥാനത്തെ എട്ട് ജില്ലകളിൽ വ്യാപിച്ചു കിടക്കുന്നതുമായ മിച്ചഭൂമി പൂർണ്ണമായും സർക്കാർ കൈവശപ്പെടുത്തിയിട്ടുണ്ടോ;ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (എ) ഇല്ല. സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.(C) 3508/11-ാം നമ്പർ കേസിലെ 06/08/2012ലെ ഉത്തരവു പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തു നിന്നും 834.53 ഏക്കർ ഭൂമി ഏറ്റെടുക്കാൻ നിർദ്ദേശിച്ചു. വിവിധ ജില്ലകളിൽ വിവിധ സർവ്വെ നമ്പരുകളിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ച 1845.22 ഏക്കറിൽ തർക്കങ്ങളിൽപ്പെടാത്ത 834.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിൽ എതിർപ്പില്ലെന്ന് കമ്പനി ബഹു.ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബഹു.ഹൈക്കോടതി ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഭൂമി ഏറ്റെടുക്കുന്ന കാര്യം ത്വരിതപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ സിനീയർ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ടി ദ്രുതകർമ്മ സേന ഓരോ ജില്ലയിലും സന്ദർശനം നടത്തുകയും ടി കമ്പനി ബഹു.ഹൈക്കോടതിയെ ധരിപ്പിച്ച സർവ്വെ നമ്പരുകളിലെ പലതും വനഭൂമിയും സ്വകാര്യ കൈവശഭൂമിയും ആണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി കമ്പനിയുടെ കൈവശമുള്ള ആധാരങ്ങൾ വ്യാജമാണെന്ന കാര്യം സർക്കാർ പരിശോധിച്ച് ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ടി |

ആധാരങ്ങളിൽ പറയുന്ന സർവ്വെ നമ്പരുകൾ കൃത്രിമമാണെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ടി സ്റ്റേറ്റ്മെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ ബുദ്ധിമുട്ടുള്ളതായി മനസ്സിലായിട്ടുണ്ട്. ടി കമ്പനി കൈവശം വയ്ക്കുന്ന മുഴുവൻ ഭൂമിയും സർക്കാർ ഭൂമിയായതിനാൽ കൂടുതൽ പരിശോധന നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി തുടർന്നു വരുന്നു.കൊല്ലം, പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ നിന്നും ഇതുവരെ 414.72 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇത് സംബന്ധമായ ഹൈക്കോടതിയിലെ കേസ് നിലവിൽ ഏത് ഘട്ടത്തിലാണ് ;

(ബി) ടി കമ്പനി സംസ്ഥാനത്ത് കൈവശം വയ്ക്കുന്ന മുഴുവൻ ഭൂമിയും സർക്കാർ ഭൂമിയാണെന്ന സർക്കാരിന്റെ വാദം ഉൾക്കൊള്ളുന്ന ഒ.പി.(സി) 3508/11-ാം നമ്പർ കേസിൽ, ഇതുവരെ ബഹു.ഹൈക്കോടതി പ്രസ്തുത കമ്പനിക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളിലെ നടപടികൾ ചുവടെ ചേർക്കുന്നു.

i) ഒ.പി.(സി) 3508/11- ാം നമ്പർ കേസ് തീർപ്പാക്കുന്നതുവരെ താലൂക്ക് ലാൻഡ് ബോർഡിന്റെ സീലിംഗ് കേസിൽ നടപടി നിർത്തി വച്ചിട്ടുണ്ട്.

ii) ടി കമ്പനി M/s.ഹാർമണി പ്ലാന്റേഷനുമായി ലയിപ്പിക്കാൻ നടത്തിയ ശ്രമം ബഹു.ഹൈക്കോടതി ഒ.പി.(സി) 3508/11-ാം നമ്പർ കേസിൽ തീരുമാനമാകുന്നതുവരെ തടഞ്ഞിട്ടുണ്ട്.

iii) ടി കമ്പനിയുടെ കൈവശമുള്ള സ്വത്തുക്കൾ ടി ഒ.പി(സി)ൽ തീരുമാനമാകുന്നതുവരെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

iv) ടി കമ്പനിയുടെ കൈവശമുള്ള തോട്ടങ്ങളിൽ നിന്നും പ്രായം ചെന്ന റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് പകരമായി 18 കോടി രൂപയുടെ ബാങ്ക് ഗാരന്റി ബഹുഹൈക്കോടതിയിൽ കെട്ടി വയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

v) ടി കമ്പനി തങ്ങളുടെ കൈവശം 834.53 ഏക്കർ മിച്ചഭൂമി ഉണ്ടെന്ന സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്ത മാത്രയിൽ ടി ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ ബഹു.ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു.

| | |
|---|---|
| (സി) ഹാരിസൺ മലയാളം പ്ലാന്റേഷൻ ഉടമസ്ഥാവകാശം തെളിയിക്കാൻ കോടതിയിൽ വ്യാജരേഖകൾ ഹാജരാക്കുകയുണ്ടായോ ; | (സി) ഉണ്ട്. |
| (ഡി)ഹാജരാക്കിയ രേഖ വ്യാജമാണെന്ന് തെളിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) ടി കമ്പനി കൈവശം വയ്ക്കുന്ന രേഖകൾക്ക് നിയമ പ്രാബല്യം ഇല്ല എന്ന കാര്യം ബഹു.ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള സത്യവാങ്മൂലങ്ങൾ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ